## കേരള സർക്കാർ

നമ്പർ.3035/ഡി.ഡി.3/13/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്
തിരുവനന്തപുരം, തീയതി:19.02.2013

## സർക്കുലർ

വിഷയം: തസ്വഭവ:- സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011 റി എന്യൂമറേഷനും സൂപ്പർവിഷനും നടത്തുന്നതിന് ഉദ്യോഗസ്ഥരെ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും യഥാസമയം വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച്.

പരാമർശം: 20.10.11 ലെ 57118/ഡിഡി3/11/തസ്വഭ നം. സർക്കുലർ

സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011 ലെ നടത്തിപ്പിലേയ്ക്ക് എന്യുമറേറ്റർമാർ സൂപ്പർവൈസർമാർ എന്നിവരെ നിയമിക്കുന്നതിനും അവരുടെ നോർമൽ ഡ്യൂട്ടിയിൽ നിന്നും വിടുതൽ നൽകുന്നതിനും പരാമർശത്തിലെ സർക്കുലർ പ്രകാരം വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

2. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് മാർഗ്ഗനിർദ്ദേശങ്ങൾ എന്യൂമറേറ്റർമാരും, സൂപ്പർവൈസർമാരും പൂർണ്ണമായും പാലിക്കാതിരുന്നതിനാൽ ജനസംഖ്യയിൽ കുറവുണ്ടാകുന്നതിനും ധാരാളം വീടുകൾ ഒഴിവാക്കപ്പെടുന്നതിനും, തെറ്റായ ജാതി മതപേരുകൾ കടന്നു കൂടുന്നതിനും ഇടയാക്കി. ആയതിനാൽ തെറ്റുതിരുത്തൽ പ്രക്രിയ യഥാസമയം പൂർത്തിയാക്കുന്നതിനും ജനസംഖ്യയിൽ കുറവു വന്നിട്ടുള്ള എല്ലാ എന്യൂമറേഷൻ ബ്ലോക്കുകളിലേയും പൂട്ടിയിട്ട വീടുകളും, കണ്ടെത്താൻ കഴിയാത്ത കുടുംബങ്ങളുടെയും എന്യുമറേഷൻ ബ്ലോക്ക് വിട്ടു പോയ കുടുംബങ്ങളുടെയും പുന:പരിശോധന ആവശ്യമായി വന്നു. ഇതിനായി എന്യുമറേഷൻ ബ്ലോക്കുകളിൽ എന്യൂമറേഷനും, സൂപ്പർവിഷനും നടത്തിയ ഉദ്യോഗസ്ഥരുടെ സേവനം അത്യന്താപേക്ഷിതമാണ്. ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ സെൻസസ് ആഫീസർ (ജില്ലാ കളക്ടർ) നിയമന ഉത്തരവ് നൽകുന്ന മുറയ്ക്ക് അവരവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും യഥാസമയം വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ വകുപ്പ് മേധാവികൾക്കും നൽകുന്നു.

3. എന്യൂമറേറ്റർമാരുടെയും, സൂപ്പർവൈസർമാരുടെയും അശ്രദ്ധ കൊണ്ട് മാത്രം സംഭവിച്ച വീഴ്ചകൾ തിരുത്തുന്നതിനായി നടത്തുന്ന റീ എന്യൂമറേഷനോ റീ സൂപ്പർ വിഷനോ യാതൊരു വിധ ഓണറേറിയവും നൽകാൻ കഴിയില്ല എന്നുകൂടി അറിയിക്കുന്നു.

കെ.ജോസ് സിറിയക്
ചീഫ് സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാകളക്ടർമാർക്കും
5. എല്ലാ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
6. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
8. എല്ലാ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാർക്കും/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
9. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
11. എക്സിക്യൂട്ടിവ് ഓഫീസർ കണ്ണൂർ കന്റോൺമെന്റ്
12. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
13. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും ((പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
14. എല്ലാ വന്യജീവി വാർഡൻമാർക്കും, നാഷണൽ പാർക്ക്(പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
15. സീനിയർ റെയ്ഞ്ച് ഓഫീസർ ((പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
16. ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം
17. ഡെപ്യൂട്ടി ഡയറക്ടർ / ഡിസ്ട്രിക്ട് ഓഫീസർ (ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് മുഖേന)
18. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
19. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
20. ഡയറക്ടർ, സെൻസസ്സ് കോർപ്പറേഷൻ, തിരുവനന്തപുരം
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :
1. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
2. പ്രിൻസിപ്പൽ സെക്രട്ടറി, (തദ്ദേശ സ്വയംഭരണ വകുപ്പ്,)ന്റെ പി എയ്ക്ക്
3. അഡീഷണൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ്) ന്റെ സി എ യ്ക്ക്)
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ